

# ആനന്ദപുരം ചെറുപുഷ്പ ഇടവക

കൊല്ലവർഷം 1094-ാം മാണ്ട് തുലാം മാസം 5-ാം തിയ്യതി (2.09.1918) ആണ് വടക്കുംമുറി കിഴക്കേ സ്കൂളിന് വേണ്ടി 142 സെന്റ് സ്ഥലം (ഇന്നത്തെ പള്ളി നിൽക്കുന്നഭാഗം) അന്നത്തെ കൈക്കാരന്മാരായ ഇല്ലിക്കൽ ഉതുപ്പ് ഔസേപ്പും പൊതപറമ്പിൽ ലോനപ്പൻ ഇട്ടൂപ്പും ചേർന്ന് തീറ് വാങ്ങുന്നത്. അതിനു ശേഷം 1928, 1955, 1960 എന്നീ കാലഘട്ടങ്ങളിലായി വാങ്ങിയ സ്ഥലത്തിൽ നിന്ന് ഈ ഇടവകയിൽ നിന്നും പിരിഞ്ഞുപോയ ആനന്ദപുരം സെന്റ് മേരീസ് പള്ളിയ്ക്ക് കൊടുത്ത 60 സെന്റ് സ്ഥലം കഴിച്ച് 8 ഏക്കർ ഭൂമി സ്വന്തമായുണ്ട്.

## കുരിശുപള്ളിയുടെ തുടക്കം

ആനന്ദപുരം പ്രദേശമാകെ പറപ്പൂക്കര ഇടവകയുടെ ഭാഗമായിരുന്നു. നാട്ടു ഭരണാധികാരികളിലുണ്ടായ കിടമത്സരംമൂലം ആനന്ദപുരത്തുകാർക്ക് പറപ്പൂക്കരയിലേക്കുള്ള പ്രവേശനം അസാദ്ധ്യമായിത്തീർന്നതിനാൽ ആനന്ദപുരം ഭാഗം ഒരേ ഭരണാധികാരിയുടെ കീഴിലുള്ള ചാലക്കുടി ഇടവകയുടെ ഭാഗമായിത്തീർന്നു. എന്നാൽ, ചാലക്കുടിയിലേക്കുള്ള യാത്ര വളരെ ദുഷ്ക്കരമായിരുന്നതിനാൽ ഈ പ്രദേശം വീണ്ടും പറപ്പൂക്കര ഇടവകയുടെ ഭാഗമായി. പറപ്പൂക്കരയിലേക്കുള്ള യാത്ര മഴക്കാലത്ത് വഞ്ചിയെ മാത്രം ആശ്രയിച്ച് കഴിയേണ്ട അവസ്ഥയിൽ യാത്രാ ക്ലേശം ഒട്ടും കുറവായിരുന്നില്ല. ഈ കാലത്താണ് ആനന്ദപുരത്ത് ഒരു ദേവാലയം വേണമെന്ന് പൂർവ്വികർ ചിന്തിച്ചതും. ഇവിടെയാണ് കുരിശു പള്ളിയുടെ തുടക്കം.

ഇന്ന് നിൽക്കുന്ന പള്ളിയ്ക്ക് സമീപത്തായി 27 വീട്ടുകാർ ചേർന്ന് ഓലയും മുളയും ഉപയോഗിച്ച് 1925ൽ നിർമ്മിച്ച സ്കൂൾകപ്പേളയുടെ സ്ഥലത്ത് ദീർഘകാലത്തെ നിവേദനങ്ങളുടെ ഫലമായി 1927 ജൂലായി 19-ാം തിയ്യതി അന്നത്തെ കൊച്ചി ഗവൺമെന്റിൽ നിന്ന് ദേവാലയനിർമ്മാണത്തിന് അനുമതി ലഭിച്ചു. പള്ളി പണിയുന്നതിനുള്ള കുറെ മരവും സർക്കാരിൽനിന്നും ദാനമായി ലഭിച്ചു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 1927 ആഗസ്റ്റ് 16-ാം തിയ്യതി തൃശ്ശൂർ രൂപതയുടെ മെത്രാൻ മാർ ഫ്രാൻസിസ് വാഴപ്പിള്ളി പള്ളി പണിയ്ക്ക് അനുവാദം നൽകി. ഓലഷെഡ് മാത്രമായിരുന്ന സ്കൂൾകപ്പേള ആഗസ്റ്റ് 18-ാം തിയ്യതി തന്നെ വെഞ്ചിരിക്കുകയും ചെയ്തു. പറപ്പൂക്കര പള്ളിവികാരി ആയിരുന്ന ഇളംകുന്ന



വൈദിക മന്ദിരം

പുഴ കുന്നത്തുപറമ്പിൽ ബഹു. പൊറിഞ്ചു അച്ചനാണ് വെഞ്ചിരിപ്പ് കർമ്മം നടത്തിയത്. പ്രഥമ ദിവ്യബലി അർപ്പിച്ചത് ഇളംകുന്നപുഴ ബഹു. യാക്കോബ്ബ് (സീനിയർ) അച്ചനായിരുന്നു.

അതോടെ വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമധേയത്തിലുള്ള ആനന്ദപുരത്തെ പുതിയ കുരിശുപള്ളി രൂപം പ്രാപിച്ചു. ഫ്രാൻസിൽ നിന്ന് കൊണ്ടുവന്നതാണ് വി. കൊച്ചുത്രേസ്യായുടെ പുണ്യരൂപവും പള്ളിമണിയും.

വളരെ നാളത്തെ പരിശ്രമത്തിന്റെ ഫലമായി കൊച്ചി ദിവാൻപേഷ്കാറിന്റെ പരിശോധനയ്ക്കു ശേഷം 1930 നവംബർ 15-ാം തിയ്യതി സെമിത്തേരിക്കുള്ള അനുമതി നൽകി. പള്ളിയുടെ കിഴക്കു ഭാഗത്ത് മണിയൻ കുന്നിലുണ്ടായിരുന്ന ഈ സെമിത്തേരി ഇടവക രൂപീകരണത്തോടെ പള്ളിയുടെ സമീപത്തേക്ക് മാറ്റി. 324/30-ാം നമ്പ്ര് മെത്രാൻ കല്പന പ്രകാരം 1930 മാർച്ച് മാസം 24-ാം തിയ്യതി മുതൽ മാസത്തിൽ ഒരിക്കലും 1934 ജൂലായി 15-ാം തിയ്യതി മുതൽ എല്ലാ ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും മുടങ്ങാതെ ദിവ്യബലി അർപ്പിക്കുന്നതിനുള്ള അനുവാദം നൽകി. 1931 സെപ്തംബർ 30-ാം തിയ്യതി കല്പന നമ്പർ 749/31 പ്രകാരം എല്ലാ വർഷവും വി.കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷ പൂർവ്വം കൊണ്ടാടുന്നതിനുള്ള അനുമതി കിട്ടി.



വി.കൊച്ചുത്രേസ്യ കപ്പേള

## ഇടവക പള്ളി

ഓലയും മുളയും ഉപയോഗിച്ച് പണി തീർത്ത ഓലഷെഡിനു പകരം ഓടും മരവും ഉപയോഗിച്ച് നടപ്പുരയോടുകൂടി കിഴക്കേ റോഡിനഭിമുഖമായി മുമ്പിൽ കുരിശടിയോടുകൂടി ക്രമേണ പുതിയൊരു ദേവാലയം പണിതീർത്തു.ഈ ദേവാലയത്തിന്റെ സ്ഥലപരിമിതി മൂലം പിന്നീട് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1952 ആഗസ്റ്റ് 16-ാം തിയ്യതി അന്നത്തെ തൃശ്ശൂർ രൂപത മെത്രാൻ റൈറ്റ്. റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് പുതിയ ദേവാലയത്തിന് തറക്കല്ലിട്ടു. ഇന്നത്തെ ദേവാലയത്തിന് 42 കോൽ നീളവും 11 കോൽ വീതിയുമുള്ള മെയിൽ വിംഗും കൂടാതെ 2 സൈഡ് വിങ്ങുകളും ഉണ്ട്. ഗോത്തിക് ശൈലിയിലുള്ള ഈ ദേവാലയത്തിന്റെ പ്ലാൻ തയ്യാറാക്കിയത് ദേവാലയനിർമ്മാണത്തിന് പ്രശസ്തി നേടിയ ശ്രീ. അംബ്രോസീസ് ആയിരുന്നു. ബഹു. അരിക്കാട്ട് പൗലോസ് അച്ചനായിരുന്നു വികാരി.

1961 ജൂലായി 1-ാം തിയ്യതി ആലപ്പാട്ട് പിതാവ് ആനന്ദപുരം കുരിശു പള്ളിയെ ഇടവക പള്ളിയായി ഉയർത്തിക്കൊണ്ടുള്ള 482/61-ാം നമ്പ്ര് കല്പന പുറപ്പെടുവിച്ചു. പ്രഥമ വികാരിയായി ഈ ഇടവകാംഗമായ ഇളംകുന്നപ്പുഴ ബഹു. വലിയയാക്കോബ്ബ് അച്ചനേയും നിയമിച്ചു.

പള്ളിപണി നടന്നുകൊണ്ടിരിക്കെതന്നെ 1964 ജനുവരി 25-ന് തൃശ്ശൂർ രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് പുതിയ പള്ളിയുടെ വെഞ്ചിരിപ്പ് നിർവ്വഹിക്കുകയും തുടർന്ന് ദിവ്യബലി അർപ്പിക്കുകയും ചെയ്തു. ദേവാലയ നിർമ്മാണം പിന്നെയും തുടർന്നുകൊണ്ടിരുന്നു. 1989 ഡിസംബറി



സെന്റ് മേരീസ് കപ്പേള



സെന്റ് ആന്റണീസ് കിഴക്കുംമുറി കപ്പേള



സെന്റ് ജോസഫ്സ് കപ്പേള



സെന്റ് ആന്റണീസ് കപ്പേള

ലാണ് ദേവാലയ നിർമ്മാണം പൂർത്തിയായത്. ആ വർഷംതന്നെ രജത ജൂബിലി ആഘോഷിക്കുകയു ണ്ടായി.

## മതബോധനസ്ക്കൂൾ, ജൂബിലിഹാൾ

മഹാജൂബിലി സ്മാരകമായി 2000-ൽ അന്നത്തെ വികാരി ആയിരുന്ന റവ. ഫാ. ജോയ് പാല്യേക്ക രയുടെ നേതൃത്വത്തിൽ ആരംഭിച്ച ജൂബിലിഹാ ളിന്റേയും, മതബോധനസ്ക്കൂളിന്റേയും പണി 2001-ൽ വികാരി ഫാ. തോമസ് പുതുശ്ശേരിയുടെ കാലഘട്ട ത്തിൽ അവസാനിക്കുകയും ഉദ്ഘാടനം നിർവ്വഹി ക്കുകയും ചെയ്തു.



ജൂബിലിഹാൾ & മതബോധനസ്ക്കൂൾ

2007-ൽ പള്ളിക്ക് മുമ്പിലായി ഒരു കുരിശടി നിർമ്മിക്കുകയും പള്ളിയുടെ നവീകരണപ്രവർ ത്തനങ്ങൾ ഫാ ജോർജ്ജ് പാറമേന്റെ നേതൃത്വത്തിൽ നടത്തുകയുമുണ്ടായി. 2007-ൽ തന്നെ പടിഞ്ഞാറ് ഭാഗത്ത് സെന്റ് ജോസഫിന്റെ നാമധേയത്തിൽ ഒരു കപ്പേള നിർമ്മിച്ചു. കൂടാതെ പള്ളിയുടെ വടക്ക് കിഴക്കേ ഭാഗത്തുള്ള സെന്റ് ആന്റണിയുടെ കപ്പേള പുതുക്കിപ്പണിതു.

ഈ പള്ളി ആരംഭിച്ച 1925 മുതൽ 1961 വരെ 19 വികാരിയച്ചന്മാരും ഇടവകയായതിനുശേഷം 1961 മുതൽ ഇന്നേവരെ 23 വികാരയച്ചന്മാരും 3 താൽക്കാ ലിക വികാരിമാരും ഈ ഇടവകജനത്തെ നയിച്ചി ട്ടുണ്ട്.



സെന്റ് ജോസഫ്സ് കോൺവെന്റ് (CMC)



സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ

## മഠങ്ങളും മറ്റുസ്ഥാപനങ്ങളും

മർത്താ സഹോദരിമാർ 1977 മുതൽ നടത്തുന്ന നേഴ്സറി സ്കൂളും അനാഥരായ അമ്മമാരുടെ ആശ്രയ കേന്ദ്രമായ സെന്റ് ജോർജ്ജ് ആശാഭവനും ഈ ഇടവകയ്ക്ക് ഒരു മുതൽകൂട്ടാണ്. കർമ്മലീത്താ സെന്റ് ജോസഫ് കോൺവെന്റിന്റെ കീഴിൽ പ്രശ സ്തമായ രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാലയ മാണ് സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ. കൂടാതെ, രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സാൻജോ സദൻ -മദ്യം, മയക്കു മരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ടവർക്ക് ആശ്വാസം നൽകുന്ന ഒരു ആയുർവ്വേദ ചികിത്സാകേന്ദ്രം കൂടി യാണ്. ഈ മൂന്ന് സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നത് പരേതരായ ബഹു. ജോർജ്ജ് എളങ്കുന്നപുഴയച്ചനും സഹോദരൻ ബഹു. ജോസഫച്ചനും ദാനമായി നൽകിയ സ്ഥലത്താണ്.



സെന്റ് ജോർജ്ജ് നേഴ്സറി സ്ക്കൂൾ (CSM)




സെന്റ് ജോർജ്ജ് ആശാഭവൻ & CSM കോൺവെന്റ്